# മഹാകവി കെ.സി. കേശവപിള്ള

കൊല്ലം പട്ടണത്തിൽ നിന്ന് ഏകദേശം പത്തു കിലോമീറ്റർ തെക്കുമാറി തീരപ്രദേശത്ത് സ്ഥിതിചെയ്യുന്ന ഒരു നഗരപ്രദേശമാണ് പരവൂർ. അറബിക്കടലും പരവൂർ കായലും മുഖാമുഖം നോക്കിനിൽക്കുന്ന തീരപ്രദേശമാണ് പൊഴിക്കര. പൊഴിക്കരയിലാണ് പ്രസിദ്ധമായ ദേവീക്ഷേത്രം. ഈ ദേവീക്ഷേത്രത്തിനും പൊഴിക്കരയ്ക്കും തിരുവിതാംകൂർ ചരിത്രത്തിൽ സവിശേഷമായ ഒരു സ്ഥാനമുണ്ട്. ആ ക്ഷേത്രത്തിലെ ഊട്ടുപുരയ്ക്കും സമീപസ്ഥമായ സത്രത്തിനും ചരിത്രത്തിൽ നിർണായകമായ ഒരു സ്ഥാനമുണ്ട്.

വേലുത്തമ്പിദളവയുടെ കാലത്ത് ആലപ്പുഴ സർവ്വാധികാര്യക്കാരനായിരുന്ന 'ശങ്കരൻ ചെമ്പകരാമന്റെ' വംശപരമ്പരയിൽപ്പെട്ട ഒരു അംഗമായിരുന്നു കണക്ക് ചെമ്പകരാമൻ കേശവപിള്ള (കെ സി കേവശവപിള്ള). 'കണക്ക് ചെമ്പകരാമൻ' എന്ന ബഹുമതി അദ്ദേഹത്തിന് തിരുവിതാംകൂർ കൊട്ടാരത്തിൽ നിന്ന് കൽപ്പിച്ചുനൽകിയതാണ്. മുകളിൽ സൂചിപ്പിച്ച സർവ്വാധികാര്യക്കാരുടെ സഹോദരി 'നങ്ങമ്മ'യുടെ പൗത്രിയാണ് കെ സി.യുടെ മാതാവായ ലക്ഷ്മിയമ്മ. വാഴവിള കോതേത്തുവീട്ടിലായിരുന്നു ലക്ഷ്മിയമ്മ ജനിച്ചതും വളർന്നതും. വലിയ വെളിച്ചഴികത്തുവീട്ടിൽ രാമൻപിള്ളയുടെയും ലക്ഷ്മിയമ്മയുടെയും പുത്രനായി കൊല്ലവർഷം 1043 (ക്രി.വ. 1869) മകരം 22-ന് രാത്രി രോഹിണി നക്ഷത്രത്തിൽ ജനിച്ച തങ്ങളുടെ മകന് ശ്രീകൃഷ്ണന്റെ നക്ഷത്രം കൂടി ആയതുകൊണ്ട് ശ്രീകൃഷ്ണ പര്യായ നാമങ്ങളിൽ ഒന്നായ കേശവൻ എന്നു നാമകരണം ചെയ്തു. വാത്സല്യാതിരേകം കൊണ്ട് കൊച്ചുകേശവനെന്നാണ് മാതാപിതാക്കൾ വിളിച്ചിരുന്നത്. തിളങ്ങുന്ന കണ്ണുകളും ചുരുണ്ട മുടിയും ഇളം കറുപ്പു നിറവും ആരെയും ആകർഷിക്കുന്ന പുഞ്ചിരിയും ഈ ബാലന്റെ പ്രത്യേകതകളായിരുന്നു.

പരവൂർ സർക്കാർ പാഠശാലയിലായിരുന്നു കേശവപിള്ള പഠിച്ചത്. രാമായണ ഭാഗവതാദി കൃതികൾ ഈണത്തിൽ വായിക്കുന്നതിൽ അദ്ദേഹം ഔത്സുക്യം പ്രദർശിപ്പിച്ചിരുന്നു. ഈണവും താളവും നിശ്ചയവും ഉള്ളവർ വായിച്ചു കേട്ടാൽ അതുപോലെ അനുകരിച്ചു ചൊല്ലാൻ കഴിഞ്ഞിരുന്നു. ഈ ശിക്ഷണം കെ.സി. യെ ഒരു ഗായകനാക്കി. സംഗീതവാസന ജന്മസിദ്ധമായിട്ടുണ്ടായിരുന്നു. കഥകളിയിൽ താത്പര്യം ഉദിക്കുന്നതും ഇക്കാലത്തു തന്നെ. കഥകളിയോടുള്ള കമ്പം അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പുകളിൽ കാണാം. ഈ കമ്പം കഥകളി കാണാനും ആട്ടക്കഥകളുടെ രചനയ്ക്കും അദ്ദേഹത്തെ പ്രാപ്തനാക്കി. കൂടാതെ നാടകാഭിനയവും കഥകളി വേഷം കെട്ടി ആടാനും ചെറുപ്പകാലത്ത് അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. അന്നൊക്കെ നാട്ടിൻപുറങ്ങളിലെ ക്ഷേത്രങ്ങളിൽ കഥകളിയും ഓട്ടൻതുള്ളലും ചുരുക്കം സന്ദർഭങ്ങളിൽ നാടകാവതരണവും ഉണ്ടായിരുന്നു. എന്തുകണ്ടാലും കെ.സി. അത് അനുകരിക്കുമായിരുന്നു. മുതിർന്നവർ പോലും കെ.സി.യുടെ ആട്ടവും നാടകാഭിനയവും ഭജനപ്പാട്ടുകളും കേട്ട് അഭിനന്ദിച്ചിരുന്നതായി അദ്ദേഹം തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. കഥകളി പ്രേമമാണ് സംസ്കൃതം പഠിക്കാൻ കെ. സി.ക്ക് അവസരം ഒരുക്കിയത്. ആദ്യം സമീപസ്ഥരായ ചില ഗുരുക്കന്മാരുടെ സഹായത്താലും തുടർന്ന് സ്വപ്രയത്നത്താലും സംസ്കൃതഭാഷയിൽ വേണ്ടത്ര പ്രാവീണ്യം നേടി. ഈ കാലഘട്ടമായപ്പോഴേയ്ക്കും ഇംഗ്ലീഷ് ഭാഷാപഠനം ഒരു അവശ്യഘടകമായി മാറിത്തുടങ്ങിയിരുന്നു. ആദ്യമൊക്കെ നമ്പൂതിരിമാരും ആഢ്യനായന്മാരും ഇംഗ്ലീഷ് ഒരു മ്ലേച്ഛഭാഷയായിട്ടായിരുന്നു കണക്കാക്കിയത്. ഇംഗ്ലീഷ് പഠിച്ച് ആ ഭാഷയിൽ വേണ്ടത്ര പ്രായോഗിക വ്യുൽപ്പത്തിയാർജ്ജിക്കാൻ കെ.സി.ക്കു കഴിഞ്ഞു. ഇവിടം മുതൽക്കാണ് നാം അറിയപ്പെടുന്ന കെ.സി.യുടെ വികാസ ചരിത്രം ആരംഭിക്കുന്നത്.

1888 മുതൽ അധ്യാപകവൃത്തി സ്വീകരിക്കാൻ തുടങ്ങി. ആദ്യം കൊല്ലത്തും തുടർന്നു പെരിനാടും സംസ്കൃതാധ്യാപകൻ ആയി പ്രവർത്തിച്ചു. 1897-ൽ കൊല്ലത്ത് അന്നുണ്ടായിരുന്ന മലയാളം സ്കൂളിൽ അദ്ധ്യാപകനായി ചേർന്നു. നാലു വർഷത്തിനു ശേഷം കൊല്ലത്തു തന്നെയുള്ള ഇംഗ്ലീഷ് സ്കൂളിൽ 'മുൻഷി' ആയി നിയമിതനായി. അന്ന് ഭാഷാധ്യാപകരെ 'മുൻഷി' എന്നാണ് വിളിച്ചിരുന്നത്. ഈ കാലഘട്ടത്തിൽ കെ. സി.യുടെ തൊഴിൽപരമായ പ്രാവീണ്യം തിരുവനന്തപുരത്ത് കൊട്ടാരത്തിലും എത്തിക്കഴിഞ്ഞിരുന്നു. 1077-ാമാണ്ട് ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ മകളുടെ മകൻ വേലായുധൻ തമ്പിയുടെ 'ഹോം ട്യൂട്ടർ' ആയി കേശവപിള്ള നിയമിതനായി. കൊട്ടാരത്തിലെ ഔദ്യോഗിക പദവിയാണ് പിൽക്കാലത്ത് കേശവപിള്ളയെ നാം അറിയുന്ന മഹാകവി കെ.സി. കേശവപിള്ള ആക്കിതീർത്തത്. തിരുവനന്തപുരത്തേക്ക് പോകുന്ന കെ.സി. യെ യാത്ര അയയ്ക്കാൻ കൊല്ലം

ഹൈസ്കൂളിൽ കൂടിയ യോഗത്തിൽ അക്കാലത്തെ പ്രശസ്ത പണ്ഡിതന്മാർ ആശംസയർപ്പിക്കാൻ എത്തിയിരുന്നു.

1065 മേടമാസം 20–ാം തീയതി പരവൂർ പടിഞ്ഞാറ്റേവീട്ടിലെ കുഞ്ഞിപ്പിള്ളയെ അദ്ദേഹം വിവാഹം കഴിച്ചു. പ്രശസ്തമായ എണ്ണക്കാട്ട് കൊട്ടാരത്തിലെ കേരളവർമ്മയുടെ ഭാര്യാസഹോദരിയായിരുന്നു കുഞ്ഞിപ്പിള്ള. 1067–ൽ കേശവപിള്ള ഒരച്ഛനായി. എന്നാൽ വിധിവിഹിതം എന്നു പറയട്ടെ പ്രസവത്തിൽ അമ്മ മരിച്ചു. ഒരാഴ്ചകഴിഞ്ഞ് കുഞ്ഞും. ജീവിതത്തിന്റെ ക്ഷണികത കെ.സി.യെ വേദാന്ത ചിന്തയിലേക്ക് തിരിച്ചുവിട്ടതായി പില്ക്കാലരചനകൾ തെളിയിക്കുന്നു. 1069–ാം മാണ്ട് മിഥുനമാസം 18–ാം തീയതി കെ.സി. വീണ്ടും വിവാഹിതനായി. അമ്മാവന്റെ മകൾ 13 വയസ്സുമാത്രം പ്രായമുള്ള നാണിക്കുട്ടിയായിരുന്നു വധു. അവരുടെ സഹൃദയത്വവും പുസ്തക പാരായണശീലവും അദ്ദേഹത്തെ ഉത്സാഹഭരിതനാക്കി. ഈ വിവാഹത്തിൽ രണ്ട് ആൺമക്കളും ഒരു മകളും ജനിച്ചു. മൂത്തമകൻ കെ. എൻ. നാരായണപിള്ളയും ഇളയമകൻ പില്ക്കാലത്ത് ഏറെ പ്രസിദ്ധനായ പ്രൊഫസർ കെ. എൻ. ഗോപാലപിള്ളയും ആയിരുന്നു. മകളെ വിവാഹം കഴിച്ചത് പ്രശസ്ത സാഹിത്യകാരനായ ശ്രീ. ആർ. നാരായണപണിക്കർ ആയിരുന്നു. കേന്ദ്രസാഹിത്യ അക്കാദമി ഫെല്ലോ ആയി കേരളത്തിൽ നിന്ന് ആദ്യം തെരഞ്ഞെടുക്കപ്പെട്ടയാളും അധ്യാപക വരേണ്യനും സാഹിത്യ–ചരിത്രകാരനുമായിരുന്നു ശ്രീ. ആർ. നാരായണപണിക്കർ. കെ.സി. ക്ക് ആറുമക്കൾ ഉണ്ടായിരുന്നതായി അദ്ദേഹം തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്നു മക്കൾ അകാലത്തിൽ മരിച്ചുപോയി.

സംഗീതം കേശവപിള്ളയ്ക്ക് ഒരു ജന്മസിദ്ധിവിശേഷം ആയിരുന്നു. സംഗീതം പഠിക്കാൻ പരവൂർക്കാരായ ഒന്നുരണ്ടു ഭാഗവതർമാരെ സമീപിക്കുകയും സ്വരം, വർണം, കീർത്തനം, രാഗങ്ങൾ മുതലായവ അനുക്രമം അഭ്യസിക്കുക വഴി സോപാനമാർഗവും ദേശീയമാർഗ്ഗവും ഒന്നുപോലെ അദ്ദേഹത്തിനു സ്വാധീനമായിരുന്നു. അദ്ദേഹം ഒട്ടേറെ ഗാനങ്ങൾ രചിച്ചിട്ടുണ്ട്. ആൾ ഇന്ത്യാ റേഡിയോ (AIR) യുടെ പ്രാരംഭകാലത്ത് അദ്ദേഹം രചിച്ച ഗാനങ്ങൾ പ്രഭാതപരിപാടിയായി പ്രക്ഷേപണം ചെയ്തിരുന്നു. പുരാണങ്ങളിലും ഇതിഹാസങ്ങളിലും കണ്ടെത്തിയ കഥാസന്ദർഭങ്ങൾ ആയിരുന്നു അക്കാലത്ത് അദ്ദേഹം രചിച്ച ഗാനങ്ങളുടെ ആത്മാവ്. 'പാർവതീസ്വയംവരം', 'അമ്മാനപ്പാട്ട്', 'രുഗ്മിണീസ്വയംവരം' കമ്പടികളിപ്പാട്ട്, 'വൃകാസുരവധം' വഞ്ചിപ്പാട്ട് തുടങ്ങിയവ അദ്ദേഹത്തിന്റെ ആദ്യകാലരചനകളിൽപെടുന്നു. ബാല്യകാലത്ത് എഴുതിയ പ്രഹ്ലാദചരിതം ആട്ടക്കഥ പരവൂരിലെ അക്കാലത്തെ പ്രസിദ്ധ സംസ്കൃതപണ്ഡിതനും ആചാര്യസ്ഥാനീയനുമായ പരവൂർ കേശവനാശാനെ കാണിച്ചു. ആട്ടക്കഥ വായിച്ചു നോക്കിയശേഷം കേശവനാശാൻ (സുജനാനന്ദിനി പത്രാധിപർ) സംസ്കൃതം കൂടുതൽ അഭ്യസിക്കാൻ നിർദേശിച്ചതായി പറയുന്നുണ്ട്. കേശവനാശാന്റെ സ്നേഹപൂർവമായ ഈ നിർദേശമാണ് സംസ്കൃതം കൂടുതൽ പഠിക്കാനും അങ്ങനെ പ്രഹ്ലാദചരിതം ആട്ടക്കഥ സ്വയം തിരുത്തി 'ഹിരണ്യാസുരവധം' എന്നപേരിൽ പുനർരചന നടത്തുവാനും ഇടയായത്. പുനർരചനയ്ക്കും ഒരു പ്രത്യേക സാഹചര്യം ഉണ്ടായി. അക്കാലത്തെ കെ.സി.യുടെ ആത്മസുഹൃത്തായ സി. നാരായണപിള്ള (മടവൂർ)യിൽ നിന്നാണ് പ്രഹ്ലാദചരിതം കഥകളിയെക്കുറിച്ച് കൂടുതൽ അറിയാൻ അദ്ദേഹത്തിന് അവസരം ലഭിച്ചത്. (സി. നാരായണപിള്ളയുടെ സ്മാരകം ആയിട്ടാണ് മടവൂരിൽ ഇന്നും പ്രവർത്തിക്കുന്ന സി.എൻ.പി. യു.പി.എസ്. നിലനില്ക്കുന്നത്.) 'ശൂരപത്മാസുരവിജയം', 'ശ്രീകൃഷ്ണവിലാസം' എന്നീ രണ്ട് ആട്ടക്കഥകൾ കൂടി കെ.സി. രചിച്ചിട്ടുണ്ട്. ഈ മൂന്ന് ആട്ടക്കഥകളും പില്ക്കാലത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

'സമസ്യാപൂരണങ്ങളും' ചോദ്യോത്തരങ്ങളും ആയിരുന്നു അന്നത്തെ പത്രപംക്തികളിലൂടെയുള്ള സാഹിത്യവ്യവഹാര രൂപങ്ങൾ. അന്നത്തെ പത്രമാസികകൾ വരുത്തുന്നതു തന്നെ ഇത്തരം രചനകൾ വായിക്കാനാണ്. സമസ്യാപൂരണവുമായി ബന്ധപ്പെട്ട് തോട്ടയ്ക്കാട് ഇക്കാവമ്മയുമായുള്ള വാദപ്രതിവാദം മലയാളിയുടെ സദാചാരബോധസീമകൾപോലും ലംഘിച്ചിരുന്നതായി കാണാനാകും.

1895–ൽ തിരുവനന്തപുരത്തുവച്ചു നടന്ന നാലാമത്തെ 'ഭാഷാപോഷിണി' സമ്മേളനത്തിലാണ് കെ.സി.യുടെ 'ആസന്നമരണചിന്താശതകം' സമ്മാനാർഹമായത്. നേരത്തെ പ്രഖ്യാപിക്കപ്പെട്ട ആ വിഷയത്തെ അവലംബിച്ച് പല കവികൾ എഴുതിയ ഇരുപതിൽപരം കൃതികളിൽ നാല് എണ്ണത്തിനു സമ്മാനങ്ങൾ നൽകിയതിൽ ഒന്നാം സമ്മാനം കെ.സി.യുടെ രചനയ്ക്കായിരുന്നു. ഇത്തവണ നടത്തപ്പെട്ട കവിതാചാതുര്യപരീക്ഷയിലും കേശവപിള്ള ഒന്നാം സമ്മാനാർഹനായി.

നായർ സമുദായത്തിൽ നിലനിന്നിരുന്ന താലികെട്ട്കല്യാണം, കേസ്കെട്ട് (സിവിൽവ്യവഹാരം), കുതിരകെട്ട് (ഉത്സവധൂർത്ത്) തുടങ്ങിയ ഒഴിവാക്കപ്പെടേണ്ടുന്ന ആർഭാടങ്ങൾക്കും അനാചാരങ്ങൾക്കും

എതിരെ കിട്ടിയ വേദികളിലെല്ലാം കെ.സി. ശക്തമായി പ്രതികരിച്ചിട്ടുണ്ട്. അതുപോലെ പെൺകുട്ടികൾ ഋതുമതികളാകുമ്പോൾ നടത്തുന്ന ആഘോഷാഭാസങ്ങളും കെ.സി.യുടെ രൂക്ഷവിമർശനത്തിന് വിധേയമായിട്ടുണ്ട്. നായർ സമുദായത്തിലെ ബഹുഭാര്യാത്വം, ബഹുഭർതൃത്വം എന്നിവയും കെ.സി. യുടെ രൂക്ഷമായ എതിർപ്പിന് വിധേയമായിട്ടുണ്ട്. നായർ ഭവനങ്ങളിലെ നമ്പൂതിരിബാന്ധവം കെ. സി.യുടെ പരിഹാസത്തിന് വിഷയമായ മറ്റൊരു ദുരാചാരമായിരുന്നു. താലികെട്ടുകല്യാണങ്ങളെ ഭർത്സിച്ചുകൊണ്ട് അദ്ദേഹം രചിച്ച ആക്ഷേപഹാസ്യത്തിന്റെ രണ്ടു വരി ഉദ്ധരിക്കട്ടെ:

"താലികെട്ടുന്നൊരുകാന്തനഞ്ചാംദിനം
കൂലിവാങ്ങിക്കൊണ്ടുപേക്ഷിച്ചു പോകുന്നു."

ജന്മവാസനയും നിരന്തരപ്രയത്നവും കാലഘട്ടത്തിന്റെ സ്വാധീനവും ആണ് കെ.സി.കേശവപിള്ളയെ ഒരു മഹാകവിയും സാംസ്കാരിക പ്രവർത്തകനും ചരിത്രപുരുഷനും ആക്കിതീർത്തത്. അദ്ദേഹത്തിന്റെ സാഹിത്യസൃഷ്ടികളെക്കുറിച്ച് ദിങ്മാത്രസൂചനയെങ്കിലും നൽകാതിരുന്നാൽ അദ്ദേഹത്തോടുകാട്ടുന്ന കൊടിയ നന്ദികേടായിരിക്കും. കെ. സി.യുടെ പരാമർശവിധേയമാക്കപ്പെടേണ്ട പ്രധാനകൃതികൾ:

**ആട്ടക്കഥകൾ :-** 'ഹിരണ്യാസുരവധം', 'ശൂരപത്മാസുരവധം', 'ശ്രീകൃഷ്ണവിജയം' എന്നിവയാണ് അദ്ദേഹത്തിന്റെ ആട്ടക്കഥകൾ. അദ്ദേഹത്തിന്റെ ചെറുപ്പകാലത്ത് പരവൂർ, ഭൂതക്കുളം എന്നിവിടങ്ങളിൽ 'കളിയോഗക്കാർ' ഈ കഥകൾ ആടിയിട്ടുണ്ട്. പല പ്രാവശ്യം കഥകളികാണുകയും ആട്ടപ്പാട്ട് സശ്രദ്ധം ശ്രവിക്കുകയും ചെയ്ത കെ. സിക്ക് ആട്ടക്കഥാരചനയ്ക്ക് പ്രത്യക്ഷാനുഭവങ്ങളുടെ പിൻബലം ഉണ്ടായിരുന്നു. കൃത്യമായി പറഞ്ഞാൽ 19-ാമത്തെ വയസ്സിൽ ശൂരപത്മാസുരവധവും 20-ാമത്തെ വയസ്സിൽ ശ്രീകൃഷ്ണവിജയം ആട്ടക്കഥ രചനയുടെ എല്ലാ സാങ്കേതികത്വവും പിൻതുടർന്നു രചിക്കാൻ കെ. സി. ക്കു കഴിഞ്ഞു. കെ. സി. തന്നെ എല്ലാ ചുവടുകളും മുദ്രകളും ഭാവാഭിനയവും സ്വയം അഭ്യസിക്കുകയും കളിച്ചുകാണിച്ചുകൊടുക്കുകയും ചെയ്തിരുന്നതായി അദ്ദേഹത്തിന്റെ സമകാലികർ പില്ക്കാലത്ത് പറഞ്ഞിട്ടുണ്ട്. എട്ടുകെട്ടായിരുന്ന വീടിന്റെ ഒരു ഭാഗം വേഷം കെട്ടാനും കഥകളി നടത്താനും മാറ്റി വെച്ചിരുന്നു. കെ. സി. ഉപയോഗിച്ചിരുന്ന കട്ടിൽ, ചാരുകസാല, പാട്ടുപടിക്കാൻ ഉപയോഗിച്ചിരുന്ന ഹാർമോണിയം എഴുതാൻ ഉപയോഗിച്ചിരുന്ന മഷിക്കുപ്പിയും പേനയും മറ്റുപലതും ഇപ്പോഴും ആ ഭവനത്തിൽ ഒരു ദേവാലയവിശുദ്ധിയോടുകൂടി സൂക്ഷിച്ചിരിക്കുന്നത് ഈ ലേഖകൻ കാണുകയുണ്ടായി.

## പത്രപംക്തികളിലെ രചനകൾ

AD 1888-ൽ (കൊല്ലവർഷം 1065-മീനം) ആണ് കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള മലയാള മനോരമ കോട്ടയത്ത് ആരംഭിച്ചത്. കേശവപിള്ളയുടെ സഹകരണം വർഗ്ഗീസ് മാപ്പിള അഭ്യർത്ഥിക്കുകയും കെ. സി. സർവാത്മനാ സഹകരണം വാഗ്ദാനം ചെയ്യുകയും ചെയ്തു. അതനുസരിച്ച് കെ.സി. കവിതകളും ലേഖനങ്ങളും നൽകിക്കൊണ്ടിരുന്നു. വായനക്കാർ ഏറെ ആകാംക്ഷയോടെ കാത്തിരിക്കുക പതിവായിരുന്നു. അന്നത്തെ അച്ചടിമാധ്യമങ്ങളിൽ സമസ്യാപൂരണങ്ങളും ചോദ്യോത്തരങ്ങളുമാണ് മുഖ്യവിഭവങ്ങൾ. അവയുടെ പേരിലുണ്ടായിട്ടുള്ള കോലാഹലങ്ങളും വ്യക്തിഹത്യകളും അന്നത്തെ ആളുകൾ ഒത്തുചേരുന്നിടത്തെല്ലാം സംഭാഷണവിഷയമായിരുന്നു. 'ആസന്നമരണചിന്താശതകവും' 'ഷഷ്ടിപൂർത്തിഷഷ്ഠിയും' ആണ് കാവ്യസരണിയിൽ അദ്ദേഹത്തിനു സ്ഥിര പ്രതിഷ്ഠനേടിക്കൊടുത്തത്.

### കവിസമാജം

കെ. സി. ക്ക് തന്റെ സൗഹൃദബന്ധങ്ങൾ വിപുലീകരിക്കാൻ ഇടനൽകിയ മറ്റൊരു വേദിയാണ് 'കവിസമാജം'. മനോരമ തന്നെയാണ് ഈ വേദിയുടെ ഉപജ്ഞാതാക്കൾ. 1067-ാമാണ്ട് വൃശ്ചികത്തിൽ മൂന്നു ദിവസത്തെ പരിപാടിയോടെ കവിസമാജം കോട്ടയത്ത് മനോരമ ഓഫീസിൽ സംഘടിപ്പിക്കപ്പെട്ടു. കെ.സി. സമാജത്തിലേക്ക് ക്ഷണിക്കപ്പെട്ട ഒരു പ്രഭാഷകൻ ആയിരുന്നു. എ. ആർ. രാജരാജവർമ്മ മുതൽ പേരുടെ നേതൃത്വത്തിൽ നാടകരചന, 'ഘടികാവിംശതി', 'കവിതാചാതുര്യപരീക്ഷ' എന്നീ മൂന്നു പരീക്ഷകൾ/മത്സരങ്ങൾ അവിടെ നടത്തി. കെ.സി.യും കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കൊട്ടാരത്തിൽ ശങ്കുണ്ണി എന്നിവരോടൊപ്പം മത്സരത്തിൽ ചേരുകയുണ്ടായി. ആകെ 26 പേർ.

ഒരു മണിക്കൂർ കൊണ്ട് സ്രഗ്ധരവൃത്തത്തിൽ 'സദാചാര'ത്തെപ്പറ്റി ഇരുപത് (20) പദ്യം നിർമ്മിക്കണം എന്നായിരുന്നു 'ഘടികാവിംശതി'യെ സംബന്ധിച്ച നിയമം. 45 മിനിറ്റ് കൊണ്ട് കെ.സി. എഴുതിതീർത്തപ്പോൾ കുഞ്ഞിക്കുട്ടൻ തമ്പുരാന് 49 മിനിറ്റ് വേണ്ടിവന്നു. കെ.സിക്ക് ഒന്നാം സമ്മാനം ലഭിച്ചു.

മദിരാശിയിൽ നിന്നു മുൻകൂട്ടി തയ്യാറാക്കി വാങ്ങിയിരുന്ന മുദ്രിത സ്വർണമോതിരമായിരുന്നു ഇതിന് സമ്മാനമായി കെ.സി.ക്കു ലഭിച്ചത്.

കവിതാചാതുര്യപരീക്ഷയിൽ ഗദ്യം, പദ്യം സമസ്യാപൂരണം, ഭാഷാന്തരീകരണം (Translation) എന്നീ നാലിനങ്ങൾ ഉൾപ്പെട്ടിരുന്നു. ഇതിലും കെ.സി. ഒന്നാം സമ്മാനാർഹനായി. മോതിരത്തിൽ പതിച്ചു വച്ച് ഉപയോഗിക്കാവുന്നതും മദിരാശിയിൽ നിന്ന് കൊത്തിച്ചു വരുത്തിയതുമായ ഒരു മെഡൽ ആയിരുന്നു ഇതിന് സമ്മാനം. ഈ രണ്ടു സമ്മാനലബ്ധികളോടുകൂടി സാഹിത്യവേദികളിലും കൊട്ടാരപ്രാന്തങ്ങളിലും കെ.സി. ഒരു ചർച്ചാവിഷയമായിത്തീർന്നു.

'കവി സമാജയാത്രാശതകം' എന്ന കാവ്യത്തിലെ ഉള്ളടക്കം കോട്ടയത്തു വച്ചു നടന്ന കവി സമാജത്തെ സംബന്ധിച്ച വിവരങ്ങളാണ്. അന്നത്തെ കവി സമാജം ആണ് പിന്നീട് ഭാഷാപോഷിണിയായി രൂപം പ്രാപിച്ചത്. 1070-കന്നി 19-ാം തീയതി ഭാഷാപോഷിണി സഭയുടെ ആഭിമുഖ്യത്തിൽ കവിതാചാതുര്യപരീക്ഷ തിരുവനന്തപുരത്തുവച്ചാണ് നടന്നത്. അഞ്ചു (5) ചോദ്യങ്ങൾക്ക് ഒന്നരമണിക്കൂർ കൊണ്ട് കെ.സി. ഉത്തരം എഴുതുകയും അതിന്റെ ഒരു പകർപ്പ് (Copy) എടുക്കുകയും ചെയ്തു. 20 പേർ പങ്കെടുത്ത ഈ മത്സരത്തിലും കെ.സി. തന്നെയായിരുന്നു ഒന്നാമൻ.

## അഭിനയഗാനമാലിക

കൊല്ലത്തെ അധ്യാപകനായിരിക്കുമ്പോൾ വിദ്യാർത്ഥികൾക്കുവേണ്ടി എഴുതിയ അഭിനയഗാനങ്ങൾ (Action Songs) എല്ലാം കൂടി കോർത്തിണക്കി പ്രസിദ്ധീകരിച്ചതാണ് അഭിനയഗാനമാലിക ഒന്നും, രണ്ടും ഭാഗങ്ങൾ. പിൽക്കാലത്ത് ഗവൺമെന്റ് തയ്യാറാക്കിയ നെഴ്സറി ട്രെയ്നിംഗ് പരിപാടിയുടെ പാഠ്യപദ്ധതിയിൽ അന്നത്തെ നിർദ്ദിഷ്ട കരിക്കുലം കമ്മിറ്റി അഭിനയഗാനങ്ങളുടെ സന്നിവേശത്തിന് അഭിനയഗാനമാലിക പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

## സാഹിത്യവിലാസം

മലയാള മനോരമ, ഭാഷാപോഷിണി എന്നി പ്രസിദ്ധീകരണങ്ങളിലൂടെ പുറത്തുവന്നവയും സമസ്യാപൂരണങ്ങൾ, കത്തുകൾ, മറുപടികൾ, അന്യാപദേശങ്ങൾ തുടങ്ങിയവയുമാണ് ഇതിലെ ഉള്ളടക്കം. ദേവീസ്തോത്രം, സുഭാഷിത രത്നാകരം, മേൽപ്പത്തൂരിന്റെ നാരായണപരിഭാഷയായ ഭാഷാനാരായണീയം എന്നിവയും കെ.സി. യുടെ ആദ്യകാല രചനകളാണ്.

സംസ്കൃതഭാഷയിൽ ഏ ആർ രാജരാജവർമ്മ രചിച്ച 'ആംഗലസാമ്രാജ്യം' മഹാകാവ്യം കെ സി പരിഭാഷപ്പെടുത്തിയിട്ടുണ്ട്. പിൽക്കാലത്ത് സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ ഈ കൃതിയിലെ ഉള്ളടക്കത്തോട് അദ്ധ്യാപകർക്കുപോലും വ്യത്യസ്ത അഭിപ്രായം ഉണ്ടാകുകയും കാലാന്തരത്തിൽ ഈ കൃതി തമസ്ക്കരിക്കപ്പെടുകയുമാണുണ്ടായത്.

ശ്രീ നീലകണ്ഠദീക്ഷിതർ സംസ്കൃതഭാഷയിൽ രചിച്ച ശാന്തിവിലാസം എന്ന കാവ്യവും കെ സി തർജ്ജമ ചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇംഗ്ലീഷ് നാടകകൃത്തായ ഷേക്സ്പിയർ, ടെന്നിസൺ, വില്യംകൂപ്പർ, ടി ക്യാംപ് വെൽ തുടങ്ങിയ പല പ്രമുഖ കവികളുടെ കൃതികളും അതിന്റെ തനിമ ഒട്ടും ചോർന്നുപോകാതെ മലയാളത്തിലേക്ക് തർജ്ജമ ചെയ്തിട്ടുണ്ട്. കഥാസാരം എന്ന പേരിൽ മറ്റൊരു ഇംഗ്ലീഷ് കൃതിയും തർജ്ജമ ചെയ്തിട്ടുണ്ട്.

### ആസന്നമരണചിന്താശതകം

കെ.സി.യുടെ പ്രശസ്തിയ്ക്കു നിദാനമായതും ആധുനിക മനഃശാസ്ത്ര സിദ്ധാന്തങ്ങളിൽ അധിഷ്ഠിതവുമായ ഒരു ഖണ്ഡകാവ്യമാണ് ഈ കൃതി. പേര് സൂചിപ്പിക്കുന്നതുപോലെ ആസന്ന മരണം ഒരു വ്യക്തിയിൽ ഉണ്ടാകുന്ന പരിദേവനങ്ങളും ചിന്തകളുമാണ് ഈ കൃതി. പിൽക്കാലത്ത് ഹൈസ്കൂൾ തലങ്ങളിലും കോളേജ് തലങ്ങളിലെ ബിരുദ-ബിരുദാനന്തര കോഴ്സുകളിലും ഈ കൃതി പാഠപുസ്തകമായി അംഗീകരിക്കപ്പെട്ടിരുന്നു. 104 പദ്യങ്ങളുള്ള ഈ കൃതി മരണപ്പെടാൻ ഏതാനും നിമിഷങ്ങൾ മാത്രം ബാക്കിയുള്ള ഒരാളുടെ ചിന്താവ്യാപാരങ്ങളാണ് ചിത്രീകരിച്ചിരിക്കുന്നത്. ഒരോരുത്തരും അവനവന്റെ കുടുംബത്തോട് എങ്ങനെയെല്ലാം കടപ്പെട്ടിരിക്കുന്നു എന്ന ചിന്താധാരയുടെ മനഃശാസ്ത്രനിബന്ധവും കാവ്യാത്മകവുമായ ആവിഷ്കാരം ആണ് ഈ കൃതി. ഒരാളിന്റെ ജീവിതത്തിൽ സംശയലേശമെന്യെ സംഭവിക്കുന്ന ഒരേയൊരു കാര്യമാണ് മരണം. സോഷ്യലിസത്തെക്കുറിച്ചും സമത്വസുന്ദരജീവിതത്തെക്കുറിച്ചും ഇവിടത്തെ രാഷ്ട്രീയചിന്തകർ പ്രചരിപ്പിക്കുന്നതിനും എത്രയോ മുമ്പ് തന്നെ ക്രാന്തദർശിയായ കെ.സി. ആ വ്യവസ്ഥിതി സ്വപ്നം കണ്ടിരുന്നു എന്ന് ഈ കൃതി സുതരാം വ്യക്തമാക്കുന്നു. ഉള്ളടക്കം ചുരുക്കി താഴെ ചേർക്കുന്നു:

വാർധക്യദശയിൽ ഒരാൾ നിസ്തുലക്ലേശത്തോടെ കിടക്കയിൽ കിടന്നുകൊണ്ട് ചിന്തിക്കുന്ന രീതിയിലാണ് കവിത സമാരംഭിക്കുന്നത്. ഭാര്യയും മക്കളും സദാശുശ്രൂഷാനിരതരായി സമീപത്തുണ്ട്. എന്നിട്ടും വിചാരധാരയുടെ ഒരു തുടർചിന്തനം തുടങ്ങുകയാണ്. ഇന്നോളം എല്ലാം സഹിച്ച് ജീവിതസുഖം നൽകിയ ആത്മപ്രേയസിയെ പിരിയുന്നത് എങ്ങനെ? കൈക്കുഞ്ഞിന്റെ കളിയും ചിരിയും ഇനി ആരുകാണും? പാട്ടുപഠിക്കുന്ന കുട്ടിയുടെ പാട്ട് എന്നിനികേൾക്കും. വേളി (വിവാഹം) കഴിച്ചയച്ച മകൾക്ക് ഒരു കുഞ്ഞുണ്ടായികണ്ടില്ല. പുരപണിയാൻ ആവശ്യമായ മരഉരുപ്പടികൾ മുൻകൂട്ടി തയ്യാറാക്കി പണി ആരംഭിച്ചെങ്കിലും അതു പൂർത്തിയാക്കി താമസമാക്കാൻ കഴിഞ്ഞില്ല. മൂത്ത മകന്റെ താമസ സ്ഥലത്ത് പോകാൻ കഴിഞ്ഞില്ല. അവൻ ബി.എ. ബിരുദം നേടിക്കണ്ടില്ല. കൊച്ചുമകൾക്ക് കമ്മലും മാലയും തീർക്കാനായില്ല. താൻ നട്ടുപിടിപ്പിച്ച തെങ്ങിൽനിന്നും നാളികേരം ഇടാൻ കഴിഞ്ഞില്ല. മകൾക്ക് തുണി വാങ്ങിയെങ്കിലും റൗക്ക (ബ്ലൗസ്) തയ്പിക്കാൻ ആയില്ല. ജ്യേഷ്ഠൻ മരിച്ചപ്പോൾ കുടുംബാംഗങ്ങളെ ആശ്വസിപ്പിച്ചു. ഞാൻ മരിക്കുമ്പോൾ ആരാണ് എന്റെ കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കാൻ? എന്റെ മരണം ആസന്നമായികഴിഞ്ഞു. എന്റെ കുഞ്ഞുങ്ങളും ഭാര്യയും അലമുറയിട്ടുകരയും-എന്നെ ഓർത്തോർത്തുമയങ്ങുന്ന ഭാര്യ എന്നെ സ്വപ്നം കണ്ട് എഴുന്നേറ്റ് ഇരുന്നുകരയും. ഇങ്ങനെ ഓരോന്ന് ചിന്തിച്ച് ചിന്തിച്ച് അയാൾ താൻ കിടക്കുന്ന കട്ടിലിനോടും തലയിണയോടും മെത്തയോടും എല്ലാം ഹൃദയസ്പൃക്കാംവണ്ണം യാത്രപറയുന്നു. അചേതനവസ്തുക്കൾക്കുപോലും ജീവൻ നൽകി വിലാപത്തിന്റെ, കാരുണ്യാതിരേകത്തിന്റെ കണ്ണുനീർത്തുള്ളി ഇറ്റിക്കാൻ കെ. സി. ക്കു കഴിഞ്ഞിരുന്നു. ഭാര്യയെ മർദ്ദിക്കുകയും സ്ത്രീധനത്തിനും പൊന്നിനും നിരന്തരം ശല്യം ചെയ്യുകയും ചെയ്യുന്ന, ഭാര്യയെ ആത്മഹത്യാമുനമ്പിൽ കൊണ്ടുനിർത്തി മരണത്തിന്റെ അഗാധഗർത്തത്തിലേക്ക് തള്ളിയിടുകയും ചെയ്യുന്ന, സ്വാർത്ഥരും കുടിലഹൃദയരുമായ ഇന്നത്തെ പുരുഷന്മാർ ഈ കൃതിവായിച്ച് തങ്ങളുടെ ഇണകളോടു കാട്ടുന്ന ക്രൂരത ഉപേക്ഷിക്കുന്ന സ്ഥിതി ഉണ്ടായെങ്കിൽ എന്ന് ആഗ്രഹിച്ചു പോകുന്നു.

കേരള കാളിദാസൻ എന്നറിയപ്പെടുന്ന കേരള വർമ്മ വലിയകോയിത്തമ്പുരാന്റെ ഷഷ്ടിപൂർത്തി പ്രമാണിച്ച് രചിച്ചതാണ് 'ഷഷ്ടിപൂർത്തിഷഷ്ഠി' എന്ന കൃതി. ഇതിൽ 60 പദ്യങ്ങളുണ്ട്. പുസ്തകത്തിന്റെ ശീർഷകം തന്നെ ഉള്ളടക്കസൂചനനൽകുന്നു. "മലയാളഭാഷയിൽ ഇത്രചാതുര്യവും അലങ്കാരപുഷ്ടിയും ചമൽക്കാരവും സഹൃദയഹൃദയാഹ്ലാദകത്വവും ചേർന്നിട്ടുള്ളതായി ഒരു കവിത മുമ്പ് ഞാൻ കണ്ടിട്ടില്ല." എന്നാണ് വലിയകോയിത്തമ്പുരാൻ ഈ കൃതിയെ വിലയിരുത്തിയിട്ടുള്ളത്. മറ്റൊരു കേരളവർമാധിഷ്ഠിതകാവ്യം ആണ് 'കേരളവർമവിലാസം'. ഇത് സംസ്കൃതഭാഷയിൽ രചിച്ച ജീവചരിത്രസ്വഭാവമുള്ള ഒരു കൃതിയാണ്. അമ്പത് (50) വയസ്സ് തികഞ്ഞ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ ഭാഷാസാഹിത്യസംഭാവനകളെയും മറ്റു രംഗങ്ങളിലുള്ള അപദാനങ്ങളെയും വസ്തുനിഷ്ഠമായി വിലയിരുത്തുന്ന ഒരു കൃതിയാണ്.

ഈ ഘട്ടം ആയപ്പോഴേക്കും കെ.സി. സാഹിത്യവേദികളിലും സാംസ്കാരിക സമ്മേളനങ്ങളിലും ഒരു ചർച്ചാവിഷയം ആയി മാറിക്കഴിഞ്ഞിരുന്നു. ശബ്ദഭംഗിയും അർത്ഥസൗന്ദര്യവും താളാത്മകതയും ഇഴുകിച്ചേർന്നവയായിരുന്നു അദ്ദേഹത്തിന്റെ രചനകൾ. ഒരു ഉദാഹരണം നോക്കുക.

മതിയതിൽ നുതിയും നീതി-
സ്ഥിതി ധൃതിയും വിനീതിയരും
അതിബഹുമതിയും ചേർപ്പാ-
നിതിനുന്നതിയാർന്ന ശക്തിമുതിരുന്ന.

ദ്വിതീയാക്ഷരപ്രാസവും 'ത'കാരശബ്ദത്തിന്റെ ആവർത്തനയും കൊണ്ടുണ്ടാകുന്ന ഈണഭംഗിയും ശബ്ദഒഴുക്കും ശ്രദ്ധിക്കുക. ഇവിടെയാണ് കവിതയിലെ ഗാനാത്മകതയും താളാത്മകതയും ചേർന്ന് വരുന്ന രൂപഭംഗി. ഇതുപോലെ പ്രാസഭംഗി രചനയിൽ ദീക്ഷിക്കാൻ കഴിഞ്ഞ കെ. സി. സജാതീയ ദ്വിതീയാക്ഷരപ്രാസം കവിതയിൽ അനിവാര്യം എന്നു വാദിച്ച കേരളവർമ്മയുടെ എതിർചേരിയിൽ എ. ആർ. രാജരാജവർമ്മയ്ക്ക് ഒപ്പം ചേർന്നു നടത്തിയ പ്രാസവാദം കേരളത്തിലെ സാഹിത്യമേഖലയിൽ തീക്ഷ്ണമായ വാദപ്രതിവാദങ്ങൾക്കാണ് വിത്തുപാകിയത്. തദ്ഫലമായാണ് കെ.സി.യുടെ 'കേശവീയം' എന്ന മഹാകാവ്യത്തിന്റെ രചനയും ഖണ്ഡകാവ്യപ്രസ്ഥാനത്തിന്റെ വളർച്ചയും. പ്രാസപ്രയോഗത്തിൽ നിപുണനായിരുന്നിട്ടും വലിയകോയിത്തമ്പുരാന്റെ അനിഷ്ടം ഉണ്ടാകും എന്നറിഞ്ഞിട്ടും ഒരു ദാർശനിക വീക്ഷണം എന്ന നിലയിലാണ് രാജരാജവർമ്മയുടെ ചേരിയിൽ നിന്നതും കേശവീയം രചിച്ചതും.

ശ്ലോകങ്ങളിലായാലും ഈരടികളിലായാലും പാദങ്ങളിലെ രണ്ടാമത്തെ അക്ഷരം ഒരുപോലെ ഇരിക്കുന്നതാണ് ദ്വിതീയാക്ഷരപ്രാസവാദം. ദ്വിതീയാക്ഷരപ്രാസം ദീക്ഷിച്ചാണ് കാവ്യരചനനടത്തേണ്ടത്

എന്ന് കേരളവർമ്മ വലിയ കോയിത്തമ്പുരാനും അർത്ഥബലികൊടുത്ത് പ്രാസദീക്ഷപുലർത്തുന്നതിനു പകരം അർത്ഥസ്പഷ്ടതയും കാവ്യസൗന്ദര്യവും ആണ് പരിഗണിക്കേണ്ടത് എന്ന് അദ്ദേഹത്തിന്റെ അനന്തിരവനും ഭാഷാശാസ്ത്രജ്ഞനും ആയ എ. ആർ. രാജരാജവർമ്മയും വാദിച്ചു. അന്നത്തെ കവികളും ആസ്വാദകരും ഇരുചേരിയിലും നിന്നു നടത്തിയ വാദപ്രതിവാദമാണ് ദ്വിതീയാക്ഷരപ്രാസവാദം. കേരളവർമ്മയുടെ പക്ഷത്തുചേർന്ന് മഹാകവി ഉള്ളൂർ ദ്വിതീയാക്ഷരപ്രാസദീക്ഷയോടുകൂടി 'ഉമാകേരളം' എന്ന മഹാകാവ്യവും ഏ. ആറിന്റെ ചേരിയിൽ നിന്നുകൊണ്ട് കെ.സി. കേശവപിള്ള 'കേശവീയം' എന്ന മഹാകാവ്യവും രചിച്ചു. ഒരു കാവ്യം എന്ന നിലയിൽ ഏറെ പ്രശംസപിടിച്ചുപറ്റിയതാണ് കേശവീയം. പ്രാസവാദത്തെ 'കേരളവർമ്മ പ്രസ്ഥാനം' എന്നും എതിർവാദത്തെ 'രാജരാജവർമപ്രസ്ഥാനം' എന്നും അന്ന് വിളിക്കപ്പെട്ടിരുന്നു. രാജരാജവർമയായിരുന്നു ഖണ്ഡകാവ്യശാഖയ്ക്ക് അടിത്തറയിട്ടതും ആ വിഭാഗത്തിൽപ്പെടുന്ന രചനകളെ പ്രോത്സാഹിപ്പിച്ചിരുന്നതും. പ്രാസവാദം മലയാളകാവ്യശാഖയുടെ വസന്തകാലമായിരുന്നു എന്നു പറയാം. 'കേശവീയം' എന്ന പേരിൽ അർത്ഥതലങ്ങൾക്കു തന്നെ ദ്വന്ദ്വസ്വഭാവമാണുള്ളത് - ശ്രീകൃഷ്ണന്റെ (കേശവൻ) കഥയെന്നും കേശവപിള്ളയുടെ രചനയെന്നും.

മഹാഭാഗവതത്തിലെ പ്രസിദ്ധമായ 'സ്യമന്തകം' കഥയാണ് കേശവീയത്തിന്റെ പ്രതിപാദ്യം. ഭാഗവതം ദശമസ്കന്ധത്തിൽ കേവലം 45 പദ്യങ്ങളിലാണ് ഈ കഥ അവതരിപ്പിച്ചിരിക്കുന്നത്. സ്യമന്തക കഥ പ്രസിദ്ധമായതിനാൽ ഇവിടെ പ്രതിപാദിക്കുന്നില്ല. കാവ്യസൗന്ദര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മൂലകഥയിൽ കെ.സി. ചില മാറ്റങ്ങൾ വരുത്തുന്നുണ്ട്. കേശവീയത്തിൽ 12 സർഗങ്ങൾ ഉണ്ട്.

> "രമണീയാർത്ഥദാനത്താലാനന്ദമളവെന്നിയേ
> ആശ്രിതർക്കരുളീടുന്ന വാണിയെകൈതൊഴുന്നു ഞാൻ"

എന്ന വന്ദനശ്ലോകത്തോടുകൂടിയാണ് കാവ്യം ആരംഭിക്കുന്നത്. "രമണീയാർഥ: പ്രതിപാദകശബ്ദഃ കാവ്യം" എന്ന സിദ്ധാന്തത്തെയാണ് അവലംബമാക്കിയിരിക്കുന്നതെന്ന് സൂചിപ്പിക്കുന്നുമുണ്ട്. തുടർന്ന് കേരളവർമ്മവലിയകോയിത്തമ്പുരാനെയും ഏ.ആറിനെയും കവി സ്മരിക്കുന്നു. ജീവസ്സുറ്റ ഒരു രചനാശൈലിയാണ് ഈ കാവ്യത്തിലുടനീളം കാണുക. (കേശവീയത്തിന്റെ അച്ചടി പൂർത്തിയാക്കുന്നതിനു മുമ്പ് 1913 സെപ്റ്റംബർ നാലാം തീയതി മഹാകവി തിരുവനന്തപുരത്തു ചരമമടഞ്ഞു.) കെ. സി. യുടെ ഇതരകൃതികളെക്കുറിച്ചുള്ള ഒരു ഹ്രസ്വാവലോകനം കൂടി നടത്തിക്കൊണ്ട് ഈ ലേഖനം അതിന്റെ പരിസമാപ്തിയിലേക്കു കടക്കുകയാണ്.

### നാടകങ്ങൾ

നാലുനാടകങ്ങളാണ് കെ.സി.യുടെ സംഭാവനയായി കൈരളിക്കു ലഭിച്ചിട്ടുള്ളത്. 'രാഘവമാധവം' എന്ന നാടകം പേരു സൂചിപ്പിക്കുന്നതുപോലെ ഇതിവൃത്തം പുരാണമാണ്. രുഗ്മിണിയുടെയും ഗരുഡന്റെയും ഗർവം ഇല്ലാതാക്കുന്നതാണ് നാടകത്തിന്റെ ഇതിവൃത്തം. 'വിക്രമോർവശീയം' സംഗീതനാടകമാണ് മറ്റൊന്ന്. കാളിദാസന്റെ സംസ്കൃതനാടകമായ വിക്രമോർവശീയത്തിന്റെ തർജ്ജമ. മറ്റൊന്ന് ലക്ഷ്മീകല്യാണം. ഇതൊരു കല്പിതകഥയാണ്. 'നായർ സമുദായത്തിൽ അക്കാലത്ത് നിലനിന്നിരുന്ന ചില അന്ധവിശ്വാസങ്ങളെ തുടച്ചുനീക്കുകയായിരുന്നു ഈ സാമുദായിക നാടകത്തിന്റെ ലക്ഷ്യം. രോഗശാന്തിക്കു മന്ത്രവാദവും പ്രശ്നചിന്തയും വരുത്തിവയ്ക്കുന്ന ഏടാകൂടങ്ങൾ വിമർശനബുദ്ധ്യാ കൈകാര്യം ചെയ്തിരുന്നു.

'സദാരാമ'യാണ് മറ്റൊരുനാടകം. 'സദാറാം' എന്ന തമിഴ് നാടകം വലിയ കൊട്ടാരത്തിൽ അഭിനയിക്കപ്പെട്ടു. അന്ന് കെ.സി.യും ക്ഷണിതാക്കളിൽ ഒരാളായിരുന്നു. 'സദാറാം' ഒരു മലയാളനാടകമായി പുനർരചിക്കണം എന്ന സുഹൃത്തുക്കളുടെയും മറ്റും ആഗ്രഹത്തെ മാനിച്ചാണ് ചില മാറ്റങ്ങൾ വരുത്തി 'സദാരാമ' എന്ന നാടകം രചിച്ചത്. കേരളത്തിൽ കുടിൽ തൊട്ട് കൊട്ടാരം വരെയുള്ള പ്രേക്ഷകരെ ആകർഷിച്ചിരുന്ന ഒരു നാടകം ആയിരുന്നു അത്. ഏഴെട്ടുവർഷങ്ങൾക്ക് ഇടയിൽ 'സദാരാമ'യുടെ പതിനെട്ടു പതിപ്പുകൾ പുറത്തിറങ്ങി എന്ന ഒറ്റക്കാര്യം മാത്രം മതി അക്കാലത്ത് ഈ നാടകം ജനസാമാന്യത്തെ എത്രമാത്രം സ്വാധീനിച്ചിരുന്നു എന്ന് മനസ്സിലാക്കാൻ.

### സംഗീതമാലിക

പഠനാർഹമായ മറ്റൊരു കൃതിയാണ് സംഗീതശാസ്ത്രത്തെക്കുറിച്ചു പ്രതിപാദിക്കുന്ന ഈ കൃതി. ചെറുപ്പത്തിലേ സംഗീതവാസനയുണ്ടായിരുന്ന കെ.സി. കൗമാരപ്രായത്തിൽ തന്നെ സംഗീതം അഭ്യസിച്ചു തുടങ്ങി. ആകർഷകമായി പാടാനുള്ള പാടവം അദ്ദേഹത്തിന് ഉണ്ടായിരുന്നതുകൊണ്ടാണ്

‘സരസഗായകകവിമണി’ എന്ന ബഹുമതിക്ക് അദ്ദേഹം അർഹനായിത്തീർന്നത്. ‘സദാരാമ’യുടെ രംഗപ്രവേശം കൂടി ആയപ്പോൾ വലിയകോയിത്തമ്പുരാൻ തന്നെയാണ് ഈ ബഹുമതി നൽകിയത്. സംഗീതത്തിൽ പലപ്പോഴായി കെ.സി.ക്കു സമാർജിക്കാൻ കഴിഞ്ഞ ജ്ഞാനവിജ്ഞാനങ്ങളും അനുഭവസമ്പത്തുമാണ് ‘സംഗീതമാലിക’ യുടെ രചനക്ക് അദ്ദേഹത്തെ പ്രാപ്തനാക്കിയത്. സ്വാതിതിരുനാൾ, ഇരയിമ്മൻ തമ്പി, ഉണ്ണായിവാര്യർ തുടങ്ങിയവരുടെ ഗാനങ്ങൾ തെരഞ്ഞെടുത്തും സ്വന്തമായി ഗാനങ്ങൾ രചിച്ചുമാണ് ഇതു പ്രസിദ്ധീകരിച്ചിരിക്കുന്നത്. ‘സംഗീതത്തിന്റെ ആദ്യപാഠങ്ങൾ’ എന്ന മുഖവുരയും ഈ കൃതിയിലുണ്ട്. ശ്രുതി, സ്വരം, രാഗം, താളം മുതലായവയുടെ സോദാഹരണ നിർവചനങ്ങൾ ഈ മുഖവുരയിൽ നൽകിയിരിക്കുന്നു.

## ഗദ്യകൃതികൾ

ഗദ്യരചനയ്ക്ക് അത്രയൊന്നും പ്രാധാന്യമില്ലാതിരുന്ന കാലം ആയിരുന്നു കെ.സി.യുടെ ജീവിതഘട്ടങ്ങൾ. എങ്കിലും ചില കൃതികൾ രചിച്ചിട്ടുണ്ട്. ‘ശകുന വിശ്വാസം’, ‘ഗുരുഭക്തി’, ‘ഭാഷാപരിഷ്കാരങ്ങൾ’, ‘വേദാന്തോദ്ദേശ്യം’, ‘ഈശ്വരൻ’, ‘സാഹിത്യരക്ഷണം’, ‘കേരളപാണിനീയമണ്ഡനം’, ‘ഭാഷാകവിത’ തുടങ്ങിയ ഗദ്യഭാഗങ്ങൾ സാഹചര്യങ്ങളുടെ പ്രേരണനിമിത്തം അദ്ദേഹം രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഗദ്യമാതൃകയ്ക്ക് അദ്ദേഹം പല കാലങ്ങളിലായി എഴുതി സൂക്ഷിച്ചിരുന്ന ഡയറിക്കുറിപ്പുകൾ നല്ല ഉദാഹരണങ്ങളാണ്. ഇവ അദ്ദേഹത്തിന്റെ മകൻ പ്രൊഫസ്സർ കെ. എൻ. ഗോപാലപിള്ളയുടെ കൈവശമാണെന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. സി. വി. കുഞ്ഞുരാമന്റെ ‘മാലതീകേശവം’ എന്ന നാടകത്തിന് കെ.സി. എഴുതിയ മുഖവുരകണ്ട് കേരള വർമ്മ വലിയകോയിത്തമ്പുരാൻ “ഇത് യാദൃച്ഛയാ ഞാൻ കണ്ടിരുന്നുവെങ്കിൽ ഞാൻ തന്നെ എഴുതിയതല്ലേയോ എന്നു സംശയിക്കുമായിരുന്നു  എന്ന് അഭിപ്രായപ്പെട്ടിരുന്നു. അത്രയ്ക്ക് നിലവാരപ്പെട്ടതായിരുന്നു പ്രസ്തുത ആമുഖക്കുറിപ്പ്.

## കെ.സി.യുടെ അകാലത്തിലുള്ള ദേഹവിയോഗം

ഇംഗ്ലീഷ്, സംസ്കൃതം, തമിഴ്, മലയാളം തുടങ്ങിയ ഭാഷകളിൽ ആർജിച്ച പ്രാവീണ്യവും അധ്യാപനതന്ത്രത്തിലെ മികവും കണക്കുചെമ്പകരാമൻ (കെ.സി.) എന്ന സ്ഥാനപ്പേരും ഒക്കെ ചേർന്നതാണല്ലോ കൊട്ടാരത്തിലെ ‘ഹോംട്യൂട്ടർ’ എന്ന ആരും കൊതിക്കുന്ന സ്ഥാനലബ്ധിക്ക് ആധാരം. അങ്ങനെയാണ് യാത്രാസൗകര്യം കൂടി കണക്കിലെടുത്ത് തിരുവനന്തപുരത്ത് പാൽക്കുളങ്ങര താമസം ഉറപ്പിക്കാൻ തീരുമാനിക്കുന്നത്. പാൽക്കുളങ്ങരയുള്ള താമസവും പലപദവികളിലും എത്തിപ്പെടാൻ അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. കെ.സി.യുടെ മരണശേഷം പാൽക്കുളങ്ങരയുള്ള വീട്ടിൽ അദ്ദേഹത്തിന്റെ ജാമാതാവായ പ്രസിദ്ധപണ്ഡിതനും ഗ്രന്ഥകാരനും അധ്യാപകശ്രേഷ്ഠനുമായിരുന്ന ആർ. നാരായണപണിക്കരും കുടുംബവുമാണ് താമസിച്ചിരുന്നത്.

കൊട്ടാരത്തിലെ മലബാറുകാരനായ കൃഷ്ണൻ എഴുത്തച്ഛൻ എന്ന യുവാവ് വീട്ടിൽ വന്ന് കെ.സി.യെ സാഷ്ടാംഗം പ്രണമിച്ചിട്ട് തന്നെ കൂടി പഠിപ്പിക്കണം എന്ന് അഭ്യർത്ഥിച്ചു. പിടിച്ചെഴുന്നേൽപ്പിച്ച് വിവരങ്ങൾ തിരക്കിയപ്പോൾ ദരിദ്രമായ ചുറ്റുപാടിൽ ജനിച്ചുവളർന്ന ഒരു യുവാവ് ആണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ആ യുവാവിനെ ദിവസവും വീട്ടിൽ വരാൻ പറഞ്ഞു. അങ്ങനെ എഴുത്തച്ഛൻ ദിവസവും വീട്ടിൽ വന്ന് പഠിച്ചു കൊണ്ടിരുന്നു. ഒരു വർഷം അങ്ങനെകടന്നുപോയി. അടുത്തകൊല്ലം ഓണത്തിന് ഒരു പഴക്കുലയും ഒരു ചെറിയ പൊതിയുമായി എഴുത്തച്ഛൻ വീട്ടിൽ ചെന്നു. അത് ഗുരുവിന്റെ കാൽക്കൽ സമർപ്പിച്ചു. അത്തരം ഓണക്കാഴ്ചയ്ക്ക് ഒരു പോംവഴിയുമില്ലായിരുന്ന എഴുത്തച്ഛനോട് അത് തിരിച്ചെടുക്കാൻ പറഞ്ഞു. ശിഷ്യന് മനപ്രയാസമുണ്ടാകാതിരിക്കാൻ വാഴക്കുലമാത്രം അദ്ദേഹം സ്വീകരിച്ചു. അങ്ങനെ എഴുത്തച്ഛൻ ആ വീട്ടിലെ ഒരംഗമായിത്തീർന്നു.

1089 ചിങ്ങം ഒൻപതാം തീയതി ഞായറാഴ്ച ഈ ലേഖനത്തിൽ ആദ്യം സൂചിപ്പിച്ച മടവൂർ സി. നാരായണപിള്ള കെ.സി.യുടെ പാൽക്കുളങ്ങരയുള്ള വീട്ടിൽചെന്നു. കൃഷ്ണൻ എഴുത്തച്ഛൻ തിരുവനന്തപുരത്തെ കുന്നുകുഴി ഹൈസ്കൂളിൽ തൂങ്ങി മരിച്ചു എന്ന വിവരം ഗദ്ഗദകണ്ഠനായി കെ.സി.യോടു പറഞ്ഞു. സമർത്ഥനും ദരിദ്രപശ്ചാത്തലവുമുള്ള ആ യുവാവിന്റെ ദാരുണമായ അന്ത്യം കെ.സി.യിൽ ഏൽപിച്ച ഞെട്ടൽ അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പുകളിൽ വായിക്കാനാകും. എന്തായാലും എഴുത്തച്ഛന്റെ ദുർമരണം ശിഷ്യാവാത്സല്യം തുളുമ്പിയിരുന്ന അദ്ദേഹത്തിന്റെ ഹൃദയത്തിനു താങ്ങാനായില്ല. ഈ സംഭവത്തിന്റെ മൂന്നാം ദിവസം കെ.സി.കിടപ്പിലായി. ഹൃദയഭേദകവും കരുണാർദ്രവുമായ ആ ദുരന്തവാർത്ത കേട്ടതിനുശേഷം അദ്ദേഹത്തിന്റെ മുഖം മ്ലാനമായിരുന്നു എന്ന് അദ്ദേഹത്തെ ദിവസവും സന്ദർശിച്ചുകൊണ്ടിരുന്ന മടവൂർ സി. നാരായണപിള്ള രേഖപ്പെടുത്തിയിട്ടുണ്ട്. 1089 ചിങ്ങം

ഇരുപത് മലയാളത്തിനും കേരളീയസമൂഹത്തിനും തീരാനഷ്ടം വരുത്തിവച്ച ആ മഹാദുരന്തം സംഭവിച്ചു. കെ. സി. കേശവപിള്ള യശഃശരീരനായിത്തീർന്നു. വാർത്ത തിരുവനന്തപുരത്തും കൊല്ലത്തും പരവൂരും എല്ലാം ക്ഷണനേരം കൊണ്ട് എത്തിച്ചേർന്നു. കൊട്ടാരംപോലും മൂകവും നിശ്ചലവും ആയിത്തീർന്നു. നിറഞ്ഞകണ്ണുകളോടും വിങ്ങുന്ന ഹൃദയത്തോടും കൂടി ആയിരക്കണക്കിന് ആളുകൾ അദ്ദേഹത്തിന്റെ വസതിയിൽ തടിച്ചുകൂടി. കൊട്ടാരത്തിലെ മുതിർന്ന ഉദ്യോഗസ്ഥരും എത്തിച്ചേർന്നു. സമുദായ പ്രമുഖർ, പൗരമുഖ്യർ, ബന്ധുമിത്രാദികൾ, സുഹൃത്തുക്കൾ, ശിഷ്യന്മാർ, ആരാധകർ, പത്രക്കാർ എന്നുവേണ്ട എല്ലാ വഴികളും പാൽക്കുളങ്ങരയുള്ള കെ.സി.യുടെ ഭവനത്തിലേക്ക് ഒഴുകിക്കൊണ്ടിരുന്നു. കൊട്ടാരത്തിൽ നിന്ന് 'പട്ടും കച്ചയും' എത്തി. അങ്ങനെ രാജകീയ ബഹുമതികളോടെ പുത്തൻകോട്ടയിലുള്ള (കിള്ളിപ്പാലത്തിന് തെക്ക്) ശ്മശാനത്തിൽ ആ മഹാപ്രതിഭ എരിഞ്ഞടങ്ങി. അന്ന് അദ്ദേഹത്തിന് കേവലം 45 വയസ്സ് മാത്രമായിരുന്നു പ്രായം. പിന്നെയും എത്രയോകാലം ജീവിച്ചിരിക്കേണ്ട മഹാമനീഷിയായിരുന്നു കണക്കുചെമ്പകരാമൻ കേശവപിള്ള. ഭാഷയ്ക്കും സാഹിത്യത്തിനും കേരളീയസംസ്കൃതിക്കും ആ വിയോഗം വരുത്തി വച്ച ശൂന്യത ഇന്നും തുടരുന്നു. ഇടപ്പള്ളി രാഘവൻപിള്ളയും ചങ്ങമ്പുഴ കൃഷ്ണപിള്ളയും കുമാരനാശാനും അകാലത്തിൽ മരണത്തിനു കീഴടങ്ങിയ പ്രതിഭാശാലികളായ കവികളായിരുന്നു. അകാലത്തിലുള്ള പ്രതിഭാശാലികളുടെ തിരോധാനം കെ.സി.യിൽ തുടങ്ങുന്നു എന്നത് ലഭ്യമായചരിത്രം. പൊഴിക്കരയും കോതേത്തു ഭവനവും ഉൾപ്പെടുന്ന പരവൂരിന് കെ.സി.യുടെ നിര്യാണം മൂലം ഉണ്ടായ നഷ്ടം അപരിഹാര്യമായിത്തന്നെ ഇന്നും തുടരുന്നു.

> കഷ്ടം വായിൽ കടിഞ്ഞാണടരിൽ മൃതി ഭവി-
> ക്കായ്കിലോ ഭാഗ്യമെന്ന-
> ല്ലിഷ്ടംപോൽ സഞ്ചരിക്കാനരുതു വലിയതാം
> ഭാരവും നീ വഹിക്കാ.
> കഷ്ടിച്ചേവം പഴിക്കും കഴുതയോടുരിയാ
> ടാതെ ഗംഭീരനശ്വ
> ശ്രേഷ്ഠൻ മന്ദം ഹസിച്ചാൻ "അധമരിൽ, മഹിത-
> ന്മാർക്കു മൗനം പ്രധാനം."
>
> \- കെ. സി. കേശവപിള്ള

(പരവൂർ ഫൈൻ ആർട്സ് സൊസൈറ്റി പ്രസിദ്ധീകരിച്ച 'പരവൂർ ഒരു ചരിത്ര സ്മരണിക 2010'ൽ പ്രൊഫ: ഡോ. വി മാധവക്കുറുപ്പ് എഴുതിയ ലേഖനം)